3. കോഴിക്കോട് മെഡിക്കൽ കോളേജിൽ ബ്ലഡ് സെപ്പറേഷൻ യൂണിറ്റ്.

4. കോട്ടയത്ത് ഡന്റൽ കോളേജ്.

5. തൃശ്ശൂരിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്.

6. ആലപ്പുഴ മെഡിക്കൽ കോളേജിൽ നെഫ്രോളജി വകുപ്പ്.

7. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഹോളിസ്റ്റിക് മെഡിസിൻ യൂണിറ്റും, പക്ഷാഘാത തീവ്രപരിചരണ വിഭാഗവും.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നെഫ്റോളജി വിഭാഗത്തിന്റെ പ്രവർത്തനം

48(1831) ശ്രീ കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നെഫ്റോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഡയാലിസിസ് ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഡയാലിസിസ് സൗകര്യം എന്നുമുതൽ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ മെഡിക്കൽ കോളേജിലെ നെഫ്റോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി നെഫ്റോളജി വിഭാഗത്തിൽ ഒരു അസ്സോസിയേറ്റ് പ്രൊഫസർ, ഒരു അസിസ്റ്റന്റ് പ്രൊഫസർ, ഒരു ലക്ചറർ എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ലക്ചറർ തസ്തികയിലേയ്ക്ക് ഒരാളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഡയാലിസിസ് ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനായി രണ്ട് ഹീമോ ഡയാലിസിസ് യന്ത്രങ്ങൾ വാങ്ങാനുള്ള നടപടി പൂർത്തിയായിവരുന്നു.

(സി) ഡയാലിസിസ് യന്ത്രം സ്ഥാപിക്കുകയും സ്റ്റാഫിനെ നിയമിക്കുകയും ചെയ്താലുടൻതന്നെ ഡയാലിസിസ് ചികിത്സാ സൗകര്യം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly